# പതിനാലാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 6489** — **08/11/2016-ൽ മറുപടിക്ക്**

## ആസിഡ് ആക്രമണം

| ചോദ്യം | | മറുപടി | |
|---|---|---|---|
| **ശ്രീ.ആന്റണി ജോൺ** | | **ശ്രീമതി.കെ.കെ.ശൈലജ ടീച്ചർ**<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പമന്ത്രി) | |
| **എ)** | സംസ്ഥാനത്ത് ആസിഡ് ആക്രമണം തടയുന്നതിനും, അവയുടെ വില്പന, കൈവശം വയ്ക്കൽ ഇവ നിയന്ത്രിക്കുന്നതിനും എന്തെല്ലാം നടപടികളാണ് നിലവിലുള്ളത്; | **എ)** | ബഹു. സുപ്രീം കോടതിയുടെ വിധിയുടെ അടിസ്ഥാനത്തിൽ ആസിഡുകളുടെ കൈവശം വയ്ക്കൽ, വിൽപ്പന എന്നിവ സംബന്ധിച്ച നിയന്ത്രണങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിൻപ്രകാരമാണ് നിലവിലെ ആസിഡുകളുടെ വാങ്ങൽ, കൈവശം വയ്ക്കൽ, വിൽപ്പന എന്നിവയ്ക്ക് നിയന്ത്രണം ഏർപ്പെടുത്തിയിരിക്കുന്നത്. എന്നാൽ ആസിഡ് ആക്രമണം തടയുന്നതിന്റെ ഭാഗമായി ബഹു. സുപ്രീംകോടതി 2006-ൽ പുറപ്പെടുവിച്ച വിധിയുടെ അടിസ്ഥാനത്തിൽ കേരള പോയ്സൺ റൂൾ 1995- ന്റെ പരിധിയിൽ 14-ഓളം വിവിധ ആസിഡുകൾ ഉൾപ്പെടുത്തുന്നതിലേയ്ക്കും ആസിഡുകളുടെ വാങ്ങൽ, സംഭരണം, ഉപയോഗം/വിൽപ്പന എന്നിവ നിയന്ത്രിക്കുന്നതിലേയ്ക്കുമുള്ള നിയമങ്ങൾ ഉൾപ്പെടുത്തി പ്രസ്തുത റൂൾ ഭേദഗതി വരുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. |
| **ബി)** | ആസിഡ് ആക്രമണം നേരിടുന്നവർക്ക് കേന്ദ്ര, സംസ്ഥാന, തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന എല്ലാ സർക്കാർ ആശുപത്രികളും, സ്വകാര്യ ആശുപത്രികളും സൗജന്യ ചികിത്സ ലഭ്യമാക്കണം എന്ന ഗവൺമെന്റ് ഓർഡർ (GO (Ms) 454/13) ആരോഗ്യ കുടുംബക്ഷേമ (എഫ്) വകുപ്പിൽ നിന്നും ഇറങ്ങിയത് ഇപ്പോൾ നിലനിൽക്കുന്നുണ്ടോ; | **ബി)** | ഉണ്ട്. |

| | |
|---|---|
| (സി) എങ്കിൽ പല സ്വകാര്യ ആശുപത്രികളും ഈ ഉത്തരവ് നടപ്പിലാക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് പാലിക്കാത്ത സ്വകാര്യ ആശുപത്രികൾക്കെതിരെ എന്തെങ്കിലും നടപടി സ്വീകരിക്കുമോ; | സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| ഡി) പ്രസ്തുത ഉത്തരവ് പ്രകാരം സൗജന്യ ചികിത്സ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് പാലിക്കേണ്ടത്;<br>ഇ) പ്രസ്തുത ഉത്തരവ് പ്രകാരം ആസിഡ് ആക്രമണത്തിന് ഇരയാകുന്ന വ്യക്തിക്ക് 3 ലക്ഷത്തിൽ കുറയാതെയുള്ള ചികിത്സാ സഹായം ലഭ്യമാക്കുന്നതിന് വേണ്ട നടപടിക്രമങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കാമോ? | ഡി) യും ഇ) യും ഇതു സംബന്ധിച്ച് പുറപ്പെടുവിച്ചിട്ടുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പുകൾ അനുബന്ധമായി ചേർക്കുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്